"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസിന് കീഴിൽ വരുന്ന എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖര നെല്ലുല്പാദക സമിതിയ്ക്ക് കൊല്ലവർഷം 1191 മുതൽ 1196 വരെയുള്ള പുഞ്ചകൃഷിയുടെ പമ്പിങ് സബ്സിഡി അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.931/2023/AGRI തീയതി, തിരുവനന്തപുരം, 23-09-2023

---

പരാമർശം:- 1. എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖര നെല്ലുല്പാദക സമിതി സെക്രട്ടറിയുടെ 21.12.2021-ലെ അപേക്ഷ.

2. ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസറുടെ 23.05.2023-ലെ A3-5986/2020 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽപ്പെട്ടതും, ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസിന്റെ അധികാര പരിധിയിൽപ്പെട്ടതുമായ എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖരത്തിലെ കൊല്ലവർഷം 1190 മുതൽ 1196 വരെയുള്ള പുഞ്ചകൃഷിയുടെ പമ്പിംഗ് കോൺട്രാക്ടർമാർ ജോലിയിൽ മുൻ പരിചയമില്ലാത്തവരായിരുന്നുവെന്നും, പമ്പിംഗ് ജോലി കൃത്യമായി പൂർത്തിയാക്കിയെങ്കിലും അറിവില്ലായ്മ മൂലം വിതലിസ്റ്റ് യഥാസമയം പുഞ്ച സ്പെഷ്യൽ ഓഫീസർ മുമ്പാകെ ഹാജരാക്കുവാൻ സാധിച്ചിരുന്നില്ലെന്നും, കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുത്ത് എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖരത്തിലെ മേൽക്കാലയളവിലെ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിന് പ്രത്യേകാനുമതി ഉത്തരവ് നൽകണമെന്ന് പരാമർശം (1) പ്രകാരം എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖര നെല്ലുല്പാദക സമിതി സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖര നെല്ലുല്പാദക സമിതി സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച കൊല്ലവർഷം 1191 പുഞ്ച (2015-16) 1192 പുഞ്ച (2016-17) 1193 പുഞ്ച (2017-18) 1194 പുഞ്ച (2018-19) 1195 പുഞ്ച (2019-20) 1196 പുഞ്ച (2020-21) എന്നീ വർഷങ്ങളിൽ പമ്പിംഗ് ലേല നടപടികളിൽ പങ്കെടുത്ത് ഇലക്ട്രിസിറ്റി കണക്ഷൻ സർട്ടിഫിക്കറ്റ് കൈപ്പറ്റിയെങ്കിലും സബ്സിഡിയുമായി ബന്ധപ്പെട്ട മറ്റു നടപടിക്രമങ്ങളൊന്നും നാളിതുവരെ പാലിച്ചിട്ടില്ലെന്നും, പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി വിതലിസ്റ്റ്, വിതറിപ്പോർട്ടുകൾ എന്നിവ കൃഷി വിതച്ചതിനുശേഷം ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണെന്ന് ലേലവ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുള്ളതാണെന്നും എന്നാൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനാവശ്യമായ രേഖകൾ ഒന്നും തന്നെ നാളിതുവരെ ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസിൽ ഹാജരാക്കിയിട്ടില്ലാത്തതാണെന്നും അത് ഇനി ഹാജരാക്കിയാൽ

പരിഗണിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖരത്തിലെ കൊല്ലവർഷം 1191 മുതൽ 1196 വരെയുള്ള പുഞ്ചകൃഷിയുടെ പമ്പിംഗ് സബ്സിഡി അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിതലിസ്റ്റ്, വിതറിപ്പോർട്ട് എന്നിവ കൃഷി വിതച്ചതിനു ശേഷം ഒരു മാസത്തിനുള്ളിൽ ഹാജരാക്കണമെന്ന ലേല വ്യവസ്ഥ പാലിക്കുന്നതിൽ വരുത്തിയ മനഃപൂർവമല്ലാത്ത കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ രേഖകൾ ഇപ്പോൾ ഹാജരാക്കുവാൻ അനുമതി നൽകികൊണ്ടും, അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇക്കാലയളവിലെ പമ്പിങ് സബ്സിഡി അനുവദിക്കുന്നതിന് ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, എട്ടിയാരി മുട്ടുമ്പാട്ട് കോതാക്കേരി പാടശേഖര നെല്ലുല്പാദക സമിതി,
രജി.നമ്പർ 19/19, തലടവടി വില്ലേജ്, കുട്ടനാട് താലൂക്ക്, ആലപ്പുഴ.
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
പുഞ്ച സ്പെഷ്യൽ ഓഫീസർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (നം.അഗ്രി-ഐ.എഫ്.എ1/57/2022-അഗ്രി).

പകർപ്പ്:- 1.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2.കാർഷികോത്പാദന കമ്മിഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3.കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ